# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 616 — 10-03-2015-ൽ മറുപടിക്ക്

### വ്യവസായ മേഖലയിലെ കേന്ദ്ര നിക്ഷേപം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ചന്ദ്രൻ<br>ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. എ.പ്രദീപ്കുമാർ<br>ശ്രീ. കെ.കെ.നാരായണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം നേടിയെടുക്കുന്നതിൽ ഈ സർക്കാരിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;<br><br>(ബി) സംസ്ഥാനത്തിനർഹമായതും, ആവശ്യമായ തരത്തിലുള്ളതുമായ വിഹിതം നേടിയെടുക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;<br><br>(സി) മറ്റ് സംസ്ഥാനങ്ങളിൽ നൽകുന്ന കേന്ദ്രനിക്ഷേപത്തിന്റെ തോതിനനുസരിച്ച് ഇവിടെയും കേന്ദ്ര നിക്ഷേപം ലഭ്യമായിട്ടുണ്ടോയെന്ന് അറിയാമോ ; വ്യക്തമാക്കാമോ ? | (എ) (ബി) & (സി) വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം നേടിയെടുക്കുന്നതിനായി സംസ്ഥാന സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് വരുന്നു. എന്നാൽ സംസ്ഥാനത്തിന് ലഭിക്കുന്ന കേന്ദ്ര നിക്ഷേപ വിഹിതം ഇതര സംസ്ഥാനങ്ങളുടെ വിഹിതവുമായി താരതമ്യം ചെയ്യുകയോ വിശകലനം നടത്തുകയോ ചെയ്തിട്ടില്ല.<br><br>വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്.<br><br>പൊതുമേഖലാ സ്ഥാപനങ്ങളിൽ വിപണന വിപുലീകരണം, ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ, ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, നവീനമായ സാങ്കേതികവിദ്യ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക എന്നിവയാണ് ഈ പദ്ധതികളിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ